(ബി) ഇപ്പോൾ പ്രാബല്യത്തിലുള്ള സ്കീം പ്രകാരം കെ.എസ്.ആർ.ടി.സി.-യിലാണ്.

(സി) കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതും കെ.എസ്.ആർ.ടി.സി. മാത്രമായി ഓടുന്നതുമായ റൂട്ടുകൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത്.

(ഡി) കണക്കാക്കിയിട്ടില്ല.

നെയ്യാറ്റിൻകര ഡിപ്പോയിലെ മൂത്രപ്പുര നിർമ്മാണം

211(5800) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നെയ്യാറ്റിൻകര ഡിപ്പോയിൽ യോഗ്യമല്ലാത്തരത്തിലും അശാസ്ത്രീയമായ രീതിയിലും മൂത്രപ്പുരകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപാകം പരിഹരിക്കുന്നതിനും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

ഉത്തരം

(എ&ബി) യോഗ്യമല്ലാത്ത രീതിയിലോ അശാസ്ത്രീയമായ രീതിയിലോ മൂത്രപ്പുരകൾ നിർമ്മിച്ചിട്ടില്ല.

ബ്ലാക്ക്സ്മിത്ത് തസ്തിക നിയമനം

212(5801) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി എന്നാണ് പി.എസ്.സി. വഴി വിജ്ഞാപനം നടത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത് ;

(ബി) ബ്ലാക്ക്സ്മിത്ത് തസ്തികയ്ക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ; എങ്കിൽ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയുമോ ; ഇപ്പോൾ എത്ര ഒഴിവുകളാണ് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇതുവരേയും ആരേയും നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly